പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3378      9/04/2013-ലെ മറുപടിയ്ക്ക്

താലൂക്ക് ഓഫീസുകളിൽ റെക്കോഡുകൾ സൂക്ഷിക്കുന്നതിന് സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ താലൂക്ക് ഓഫീസുകളിൽ റെക്കോഡുകൾ സൂക്ഷിക്കുന്നതിന് മതിയായ സൗകര്യങ്ങൾ ഇല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കൊയിലാണ്ടി താലൂക്ക് ഓഫീസിൽ റവന്യൂ റെക്കോഡുകൾ സൂക്ഷിക്കുന്നതിനായി നിലവിലുള്ള കെട്ടിടത്തിൽ ഒരു നില പണിയുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റ് പ്രൊപ്പോസൽ നടപടികൾ പുരോഗമിക്കാതെ പൊതുമരാമത്ത് വകുപ്പിൽ തന്നെ നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി ഉണ്ടാകുമോ? | (ബി) കൊയിലാണ്ടി താലൂക്കാഫീസിന് പുതിയ റിക്കാർഡ് റൂം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവൃത്തികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. റിക്കാർഡ് റൂം അടിയന്തിരമായി നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ